നെടുമങ്ങാട് ഡിപ്പോയിൽ റദ്ദാക്കപ്പെടുന്ന ഷെഡ്യൂളുകൾ

210 [289] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടയറിന്റെ ക്ഷാമം മൂലം നെടുമങ്ങാട് ട്രാൻസ്പോർട്ട് ഡിപ്പോയിൽനിന്നും ദിനംപ്രതി ശരാശരി എത്ര സർവ്വീസുകൾ റദ്ദാക്കുന്നുണ്ട്;

(ബി) ടയറില്ലാത്തതുമൂലം എത്ര ബസ്സുകൾ കട്ടപ്പുറത്തു വച്ചിട്ടുണ്ട്;

(സി) നെടുമങ്ങാട് ഡിപ്പോയ്ക്ക് ആവശ്യമായ ടയറുകളും മറ്റു സ്പെയർ പാർട്ടുകളും എത്തിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 13 സർവ്വീസുകൾ റദ്ദാക്കുന്നുണ്ട്.

(ബി) 13 ബസുകൾ.

(സി) ടയറുകളുടെയും സ്പെയർ പാർട്ട്സുകളുടെയും ലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. യുടെ ഷെഡ്യൂളുകൾ

211 [291] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ കെ. എസ്. ആർ. ടി. സി. ക്ക് എത്ര ഷെഡ്യൂളുകളാണുള്ളത്;

(ബി) ഇപ്പോൾ എത്ര ബസുകൾ കട്ടപ്പുറത്തു കയറിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(സി) ഇനിയും ഷെഡ്യൂളുകൾ വല്ലതും നിർത്തൽചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ ഏതെല്ലാം?

ഉത്തരം

(എ) 3084 ഷെഡ്യൂളുകൾ

(ബി) 199 ബസ്സുകൾ

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly